(ഡി) മോഡേണൈസേഷൻ ഓഫ് പോലീസ് ഫോഴ്സ് സ്കീം ജില്ലാടിസ്ഥാനത്തിൽ നടപ്പിലാക്കുന്ന ഒരു പദ്ധതിയല്ല. സംസ്ഥാനത്തെ എല്ലാ ജില്ലകളിലും എം. പി. എഫ്. സ്കീമിന്റെ ഭാഗമായി നിർമ്മാണ പ്രവർത്തനങ്ങളും പരിഷ്കാരങ്ങളും നടപ്പിലാക്കിവരുന്നു.

(ഇ) 'എ' പിരിവിന്റെ മറുപടിയിൽ വിശദാംശം ലഭ്യമാണ്.

(എഫ് & ജി) ഇത് വിലയിരുത്തുവാനുള്ള സംരംഭം കേന്ദ്രസർക്കാർ ആരംഭിച്ചിട്ടുണ്ട്. വിശദാംശം ഇപ്പോൾ ലഭ്യമല്ല.

പ്രൊഫഷണലിസത്തിന്റെ അഭാവം പരിഹരിക്കാൻ നടപടി

47 [1521] ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസിൽ ഇന്നുള്ള പ്രൊഫഷണലിസത്തിന്റെ അഭാവം പരിഹരിക്കാൻ ആലോചനയുണ്ടോ;

(ബി) പോലീസ് സേനയുടെ ഘടനയിൽ കാലോചിതമായ പരിഷ്കാരങ്ങൾ വരുത്തുവാനുള്ള കമ്മീഷൻ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) പോലീസ് സേനയിൽ കൂടുതൽ പ്രൊഫഷണൽ സമീപനം പുലർത്തുന്നതിനുവേണ്ടി പോലീസ് ട്രെയിനിംഗിൽ ആവശ്യമായ പരിഷ്കാരങ്ങൾ എർപ്പെടുത്തിയും മറ്റും നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ഇത്തരം സമീപനം സ്വീകരിക്കുന്നതിനാവശ്യമായ വിവിധ നവീകരണ പ്രക്രിയകൾ ആവിഷ്കരിച്ചു നടപ്പിലാക്കിവരുന്നു.

(ബി) പോലീസ് സേനയിൽ വരുത്തുവാനുള്ള പരിഷ്കാരങ്ങൾ സംബന്ധിച്ച് കമ്മീഷൻ റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു.

പോലീസ് മാനുവലിൽ വരുത്തിയിട്ടുള്ള മാറ്റങ്ങൾ

48 [1522] ശ്രീ. കെ. പി. സതീശ്ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പോലീസ് മാനുവലിൽ എന്തെല്ലാം മാറ്റങ്ങളാണ് വരുത്തിയിട്ടുള്ളത്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എന്തൊക്കെ ആവശ്യങ്ങൾക്കുവേണ്ടിയാണ് ഈ മാറ്റങ്ങൾ വരുത്തിയതെന്ന് വ്യക്തമാക്കുമോ;

(സി) മാറ്റങ്ങൾ വരുത്തിയതുൾപ്പെടെയുള്ള പോലീസ് മാനുവലിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരം

(എ & ബി) കാലഘട്ടത്തിന്റെ മാറ്റമനുസരിച്ചുള്ള വ്യതിയാനങ്ങൾ പോലീസ് വകുപ്പിലും ഉണ്ടാകേണ്ടതിന്റെ ആവശ്യകത, സേവന മേഖലകളിലെ പുത്തനുണർവ് ഉൾക്കൊള്ളുക, സാങ്കേതിക വിദ്യ പ്രത്യേകിച്ചും ഇൻഫർമേഷൻ ടെക്നോളജിയുടെ കടന്നുകയറ്റം മൂലം പോലീസ് വകുപ്പിനുണ്ടായ മാറ്റങ്ങൾ, ജുഡീഷ്യറിയിൽ നിന്നുണ്ടായ പുതിയ തീരുമാനങ്ങളും ഉത്തരവുകളും, നിയമങ്ങളിൽ ഉണ്ടാകുന്ന മാറ്റങ്ങൾ എന്നിവ മൂലം വർഷങ്ങൾക്കു മുമ്പ് നിലവിൽ വന്ന പോലീസ് മാനുവലിൽ കാലോചിതമായ മാറ്റം ഉണ്ടാകേണ്ട ആവശ്യം അന്നേ അനുഭവപ്പെട്ടുവരുന്നു. മാനുവൽ പരിഷ്ക്കരണ നടപടികൾ ത്വരിതഗതിയിൽ നടന്നുവരുന്നു. മാറ്റങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള പോലീസ് മാനുവൽ പ്രസാധനം ചെയ്തിട്ടില്ല.

കേരള പോലീസ് സർവീസിലെ സ്പെഷ്യൽ റൂൾസിന്റെ ഭേദഗതി

49 [1523] ശ്രീ. പി. നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള പോലീസ് സർവ്വീസിലെ സ്പെഷ്യൽ റൂൾസ് പ്രകാരം ജില്ലാ ആംഡ് റിസർവിലെ എത്ര അസിസ്റ്റന്റ് കമാൻഡന്റുമാരെ ട്രാൻസ്ഫർ വഴി ഡി. വൈ. എസ്. പി.-മാരായി നിയമിച്ചിട്ടുണ്ട് എന്നു വ്യക്തമാക്കാമോ;

(ബി) കേരള പോലീസ് സർവ്വീസിലെ ഇതു സംബന്ധിച്ച് റൂൾ മുൻകാല പ്രാബല്യത്തോടെ ഭേദഗതി ചെയ്യാൻ പാടില്ലായെന്ന് ബഹു. സുപ്രീം കോടതിയുടെ വിധി നിലവിലുണ്ടോ;

(സി) കേരള പോലീസ് സർവ്വീസിലെ ഈ റൂൾ മുൻകാല പ്രാബല്യത്തോടെ നടപ്പിലാക്കാൻ നിയമപരമായി കഴിയില്ല എന്ന് നിയമവകുപ്പ് ഉപദേശിച്ചിരുന്നുവോ;

LIBRARY ARCHIVES Kerala Legislative Assembly